ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ നിയമനം

11 (3199) ശ്രീ. പിരപ്പൻകോട് മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 19-08-1999-ൽ നിലവിൽ വന്ന തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചു ;

(ബി) ഈ ലിസ്റ്റ് നിലവിൽ വന്നശേഷം ഏതെങ്കിലും വകുപ്പിൽ എംപ്ലോയ്മെന്റിൽ നിന്നോ മറ്റ് താൽക്കാലികാടിസ്ഥാനത്തിലോ നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതുതടയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സർക്കാർ ഓഫീസുകളിൽ സമയനിഷ്ഠ പാലിക്കുന്നതിന് കമ്മിറ്റികൾ

12 (3200) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിലും സമയനിഷ്ഠപാലിക്കുന്നതിന് പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ജീവനക്കാരുടെ സ്ഥലംമാറ്റം പ്രമോഷൻ തുടങ്ങിയ കാര്യങ്ങളിൽ എന്തെല്ലാം പുതിയ നടപടി ക്രമങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് മുഖ്യമന്ത്രി ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കാൻ നടപടികൾ എടുത്തുവരുന്നു. ജീവനക്കാരുടെ പ്രമോഷൻ സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

കലണ്ടറിൽ പതിപ്പിച്ച എംബ്ലങ്ങൾ

13 (3201) ശ്രീ. പി. ജെ ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാമാണ്ടിലേക്ക് അച്ചടിച്ച ഗവൺമെന്റ് കലണ്ടറുകളിൽ ഏതെല്ലാം വിധത്തിലുള്ള എംബ്ലങ്ങൾ ഉപയോഗിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ വിവിധ എണ്ണങ്ങൾ പതിപ്പിച്ച ഓരോ ഇനം കലണ്ടറും എത്ര വിധം അച്ചടിച്ചു ;

(സി) ഒന്നിലധികം എംബ്ലങ്ങൾ പതിപ്പിച്ച കലണ്ടറുകൾ അച്ചടിക്കാനുള്ള കാരണമെന്ത് ;

(ഡി) എന്തെല്ലാം വിധത്തിലുള്ള എംബ്ലങ്ങളാണ് കലണ്ടറിൽ പതിപ്പിച്ചിട്ടുള്ളത് ;

(ഇ) സർക്കാർ അച്ചടിക്കുന്ന കലണ്ടറുകളിൽ സർക്കാർ എംബ്ലത്തോടൊപ്പമോ സർക്കാർ എംബ്ലത്തിനു പകരമോ മറ്റെന്തെങ്കിലും എംബ്ലം ചേർക്കുന്നിനുള്ള മാനദണ്ഡം എന്താണ് ;

(എഫ്) ഇതിനുമുമ്പ് സർക്കാർ കലണ്ടറിൽ സർക്കാർ എംബ്ലത്തോടൊപ്പമോ സർക്കാർ എംബ്ലത്തിനുപകരമോ മറ്റെന്തെങ്കിലും എംബ്ലം എപ്പോഴൊക്കെ പതിപ്പിച്ചിട്ടുണ്ട് ;

(ജി) ഇപ്രകാരം പതിപ്പിച്ച എംബ്ലം ഏതിന്റെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) രണ്ടായിരമാണ്ടിലെ കലണ്ടറിൽ സർക്കാരിന്റെ എംബ്ലവും മാനവീയത്തിന്റെ എംബ്ലവും ഉപയോഗിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ എംബ്ലം മാത്രം പതിപ്പിച്ച 1,49,655 കലണ്ടറുകളും സർക്കാരിന്റെയും മാനവീയത്തിന്റെയും എംബ്ലങ്ങൾ പതിപ്പിച്ച 52,345 കലണ്ടറുകളും അച്ചടിച്ചിട്ടുണ്ട്.

(സി) മാനവീയത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ് ഈ എബ്ലം കൂടെ കലണ്ടറിൽ ചേർക്കുവാൻ തീരുമാനിച്ചത്.

(ഡി) രണ്ടായിരാമാണ്ടിലെ കലണ്ടറിൽ സർക്കാരിന്റെ എംബ്ലവും മാനവീയത്തിന്റെ എംബ്ലവും പതിപ്പിച്ചിട്ടുണ്ട്.

(ഇ) സർക്കാർ തീരുമാനമനുസരിച്ചാണ് കലണ്ടറിൽ സർക്കാർ എംബ്ലത്തോടൊപ്പം മറ്റു എംബ്ലങ്ങൾ കൂടെ ചേർക്കുന്നത്.

(എഫ് & ജി) 1998-ൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അൻപതാം വാർഷികം പ്രമാണിച്ചുള്ള ലോഗോ സർക്കാർ എംബ്ലത്തോടൊപ്പം കലണ്ടറിൽ പതിപ്പിച്ചിരുന്നു. സർക്കാർ എംബ്ലത്തിനുപകരം വേറെ എംബ്ലം പതിപ്പിച്ചിട്ടില്ല.

പഞ്ചിംഗ് സംബന്ധിച്ച് ചർച്ച

14 (3202) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുവാൻ സർക്കാർ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly